**വ്യക്തിത്വം**

**കെ.എം സീതിസാഹിബ്**

# വക്കം എം. അബ്ദുൽ ഖാദിർ മൗലവി

എൻ.വി അബ്ദുസ്സലാം മൗലവിയുടെ പത്രാധിപത്യത്തിൽ അമ്പതുകളിൽ അരീക്കോട്ടുനിന്ന് പുറത്തിറങ്ങിയിരുന്ന *മിശ്കാത്തുൽ ഹുദാ*യുടെ വിശേഷാൽ പ്രതിയിൽ എഴുതിയ ലേഖനം

**ഞാൻ** പ്രൈമറി ക്ലാസിൽ പഠിച്ചിരുന്ന കാലത്താണ് മൗലവി സാഹിബിന്റെ ഉടമസ്ഥതയിലും പത്രാധിപത്യത്തിലും നടന്നിരുന്ന *മുസ്‌ലിം* മാസികയുടെ ഒരു പ്രതി ഒരു സ്നേഹിതന്റെ പക്കൽനിന്ന് ആകസ്മികമായി കാണാനിടവന്നത്. അതിലെ ലേഖനങ്ങളും കുറിപ്പുകളും എന്നെ വളരെ ആകർഷിച്ചു. അതുവരെ ശുദ്ധമലയാളത്തിൽ ശബ്ദിച്ചുകേട്ടിട്ടില്ലാതിരുന്ന പല ഇസ്‌ലാമികതത്ത്വങ്ങളും ജ്ഞാനശകലങ്ങളും ശുദ്ധവും ആകർഷകവുമായ ഭാഷയിൽ ഒന്നാമത് എനിക്ക് വായിക്കാൻ കഴിഞ്ഞത് *മുസ്‌ലിമിൽ* ആയിരുന്നു.

മൗലവി സാഹിബിനെ കുറിച്ച് ഒന്നാമതായി എനിക്കറിയാൻ കഴിഞ്ഞത് അദ്ദേഹത്തിന്റെ ഒരു ബന്ധുവും, എന്റെ ചെറുപ്പകാലത്ത് കൊടുങ്ങല്ലൂരിലും സമീപപ്രദേശങ്ങളിലും ഒരു വ്യാപാരിയുടെ നിലയിൽ താമസിച്ചിരുന്ന ആളുമായ പി.എം ശാഹുൽ ഹമീദ് സാഹിബ് മുഖേന യായിരുന്നു. അദ്ദേഹത്തിൽനിന്ന് കിട്ടിയ വിവരങ്ങൾ കൊണ്ടും *മുസ്‌ലിം*, *സ്വദേശാഭിമാനി* എന്നീ പ്രസിദ്ധീകരണങ്ങൾ വഴിക്കുള്ള പരിചയം കൊണ്ടും, മൗലവി സാഹിബിനെ ഒന്നു കാണണമെന്ന് അന്ന് എന്നെപ്പോലെയുള്ള ബാലവിദ്യാർഥികൾക്ക് മാത്രമല്ല, എന്റെ പിതാവ് സീതി മുഹമ്മദ് ഹാജി സാഹിബ്, മാതുലൻ പി.കെ മുഹമ്മദുണ്ണി സാഹിബ് അടക്കമുള്ള കൊടുങ്ങല്ലൂരിലെ മുസ്‌ലിം പൗരപ്രധാനികൾക്കും പൊതുപ്രവർത്തകന്മാർക്കും കലശലായ ആഗ്രഹമുണ്ടായിരുന്നു. മൗലവി സാഹിബിനെയും പത്രാധിപർ കൃഷ്ണപിള്ളയെയും അഴീക്കോട്ട് ഒരു പൊതുസമ്മേളനത്തിന് ക്ഷണിച്ചുവരുത്തണമെന്നുള്ള ആലോചന ഞങ്ങൾക്കുണ്ടായി. അഴീക്കോട് സ്ഥാപിതമായിരുന്ന ലജ്നത്തുൽ ഹമദാനിയ്യാ സഭയുടെ പ്രഥമ വാർഷികയോഗത്തിൽ അധ്യക്ഷത വഹിക്കാൻ മൗലവി സാഹിബിനെയും ആ യോഗത്തിൽ സംബന്ധിച്ച് ഒരു പ്രസംഗം ചെയ്യാൻ ശ്രീ. രാമകൃഷ്ണപിള്ളയെയും ക്ഷണിക്കാൻ യോഗഭാരവാഹികൾ തീർച്ചപ്പെടുത്തി. ശ്രീ രാമകൃഷ്ണ പിള്ളയെ ക്ഷണിച്ചവിവരം മൗലവി സാഹിബിനെയും മൗലവി സാഹിബ് യോഗത്തിൽ അധ്യക്ഷത വഹിക്കുമെന്ന് രാമകൃഷ്ണ പിള്ളയെയും ഞങ്ങൾ അറിയിച്ചത് രണ്ടു പേരുടെയും സാന്നിധ്യം യോഗത്തിനു ലഭിക്കാൻ വളരെ സഹായിച്ചു. 1912-ലാണ് പ്രസ്തുത യോഗം നടന്നതെന്നാണ് എന്റെ ഓർമ. മൗലവി സാഹിബും പാർട്ടിയും ശ്രീ. രാമകൃഷ്ണ പിള്ളയും എന്റെ പിതാവിന്റെ അതിഥികളായി ഞങ്ങളുടെ വീട്ടിലാണ് താമസിച്ചത്. തിരുവിതാംകൂറിൽനിന്ന് നാടുകടത്തപ്പെട്ടിരുന്ന തനിക്ക് ആ മണ്ണിൽകൂടി കടക്കാതെ കൊടുങ്ങല്ലൂർക്ക് എത്താൻ ഏർപ്പാട് ചെയ്യണമെന്ന് ശ്രീ. രാമകൃഷ്ണ പിള്ള കാലെക്കൂട്ടി അറിയിച്ചിരുന്നതനുസരിച്ച് ഇരിങ്ങാലക്കുടയിൽ വണ്ടി ഇറങ്ങിയ അദ്ദേഹത്തെ കൊച്ചി ശ്ലീമയിൽ കൂടി തന്നെയാണ് അഴീക്കോട്ടേക്ക് കൊണ്ടുവന്നത്. മൗലവി സാഹിബും ശ്രീ. രാമകൃഷ്ണ പിള്ളയും വികാരനിർഭരമായാണ് പരസ്പരം കുശലപ്രശ്നം ചെയ്തത്. അവർ ദീർഘനേരം പല വിഷയങ്ങളെക്കുറിച്ചും സംസാരിച്ചുകൊണ്ടിരുന്നു. അഴീക്കോട്ട് പെരിയാർ പുഴവക്കിലുള്ള കടവിൽ തയാറാക്കപ്പെട്ടിരുന്ന വിശാലമായ പന്തലിൽ കൂടിയ വാർഷികയോഗത്തിൽ ധാരാളം ആളുകൾ സംബന്ധിക്കുകയും മൗലവി സാഹിബിനും രാമകൃഷ്ണപിള്ളക്കും പുറമെ മറ്റു പല പ്രധാനികളും സാഹിത്യകാരന്മാരും സംബന്ധിക്കുകയും പ്രസംഗിക്കുകയും ചെയ്യുകയുണ്ടായി. മൗലവി സാഹിബിന്റെ ദൈവഭക്തിയും ശാന്തതയും വിനയവും തുളുമ്പുന്ന ആകൃതിയും പ്രകൃതിയും അദ്ദേഹത്തിന്റെ പ്രസംഗത്തേക്കാൾ കൂടുതൽ സദസ്യരെ ആകർഷിക്കുകയുണ്ടായി.

മൗലവിസാഹിബിനെ പിന്നീട് എനിക്ക് കാണാൻ കഴിഞ്ഞത് ആലപ്പുഴയിൽ കൂടിയ ലജ്നത്തുൽ മുഹമ്മദിയ്യയുടെ വാർഷികയോഗത്തിൽ വെച്ചായിരുന്നു. ആ യോഗത്തിന്റെ പ്രഥമ സമ്മേളനത്തിൽ മൗലവി സാഹിബായിരുന്നു അധ്യക്ഷത വഹിച്ചത്. 'നമ്മുടെ സമുദായം'എന്ന വിഷയത്തെക്കുറിച്ച് ഞാൻ പ്രസ്തുത യോഗത്തിൽ വായിച്ച ഉപന്യാസം മൗലവി സാഹിബിന്റെ *മുസ്‌ലിം* മാസികയിൽ പിന്നീട് പ്രസിദ്ധം ചെയ്യപ്പെട്ടു. അന്ന് വൈകു

ന്നേരം ജില്ലാ ജഡ്ജി മി. ശങ്കരപ്പിള്ള യുടെ അധ്യക്ഷതയിൽ ചേർന്ന പൊതുയോഗത്തിൽ മൗലവി സാഹിബും മറ്റു പല പ്രധാനികളും സംബന്ധിച്ചിരുന്നു. ശ്രീ. മാമ്മൻ മാപ്പിളയുടെ 'ഇന്ത്യാ ചരിത്രം' എന്ന പുസ്തകത്തിൽ മുസ്‌ലിം ചരിത്രത്തെ പരാമർശിക്കുന്ന ഭാഗത്തെ എന്റെ പ്രസംഗത്തിൽ ഞാൻ നിശിതമായി വിമർശിക്കുകയുണ്ടായി. മഹാമനസ്കനായിരുന്ന ശ്രീ. മാമ്മൻ മാപ്പിള എന്റെ ആക്ഷേപത്തെക്കുറിച്ച് യാതൊരു പരിഭവവും കൂടാതെ എന്നെ പ്രോത്സാഹിപ്പിക്കുകയാണുണ്ടായത്. എന്നെ മൗലവി സാഹിബ് ആ യോഗാവസരത്തിൽ വളരെ ദയാപൂർവം അഭിനന്ദിക്കുകയും ചെയ്തു.

ആലപ്പുഴ ലജ്നത്തുൽ മുഹമ്മദിയ്യാ സംഘത്തിന്റെ സ്ഥാപനം തിരുവിതാംകൂർ മുസ്‌ലിംകളുടെ സാമൂഹിക പുരോഗതിയുടെ ചരിത്രത്തിൽ ഒരു പ്രധാന ഘട്ടം കുറിക്കുന്നുണ്ട്. അതിന്റെ യഥാർഥ ജീവനും ജനറൽ സെക്രട്ടറിയുമായിരുന്ന പരേതനായ എൻ.എ മുഹമ്മദ് കുഞ്ഞു സാഹിബ് മൗലവി സാഹിബിന്റെ ഒരു ബന്ധുവും ഭക്തനുമായിരുന്നു. സംഘത്തിന്റെ സ്ഥാപനത്തിലും നടത്തിപ്പിലും മൗലവി സാഹിബിന്റെ ഉപദേശവും മാർഗദർശനവും എൻ.എ മുഹമ്മദ് കുഞ്ഞു സാഹിബ് എപ്പോഴും അന്വേഷിക്കുകയും സ്വീകരിക്കുകയും ചെയ്യാറുണ്ടായിരുന്നു. എൻ.എ നല്ലൊരു മതഭക്തനും പണ്ഡിതനുമായിരുന്നതുകൊണ്ട് മൗലവി സാഹിബിനെക്കുറിച്ച് അദ്ദേഹത്തിനു വലിയ ബഹുമാനമായിരുന്നു. ലജ്നത്തുമായി ആദ്യകാലം മുതൽക്കേ ബന്ധമുണ്ടായിരുന്ന പി. എസ് മുഹമ്മദ് സാഹിബും മൗലവി സാഹിബിന്റെ ഒരു ഭക്തനായിരുന്നു. ലജ്നത്തുൽ മുഹമ്മദിയ്യയുടെ ആദ്യകാല പ്രവർത്തകരായിരുന്ന കൊല്ലത്തുകാരൻ ബാവ സാഹിബ്, പിച്ചു ബാവ സാഹിബ്, ബാപ്പു വൈദ്യർ മുതലായവരെല്ലാം മൗലവി സാഹിബിന്റെ ഭക്തന്മാരായിരുന്നു. സയ്യിദ് സൈനുൽ ആബിദീൻ തങ്ങൾ ആലപ്പുഴയിലെ അദ്ദേഹത്തിന്റെ മറ്റൊരു സുഹൃത്തായിരുന്നു. ഒരു നല്ല മതപണ്ഡിതനും ആലപ്പുഴയിലെ കച്ചിമേമൻ സമുദായത്തിൽ പെട്ട ദേഹവുമായിരുന്ന സുലൈമാൻ മൗലവിയുടെ ശിഷ്യത്വം ഉർദുവിലും പേർഷ്യനിലും മൗലവി സാഹിബിനുണ്ടായിരുന്നു. ഇങ്ങനെ പലവിധത്തിലും ആലപ്പുഴയുമായി മൗലവി സാഹിബിന് ബന്ധമുണ്ടായിരുന്നു. ആലപ്പുഴ യോഗത്തിനുശേഷം മൗലവി സാഹിബുമായി ഇടക്കിടെ ഞാൻ കത്തിടപാടുകൾ നടത്താറുണ്ടായിരുന്നു. മൗലവി സാഹിബിന്റെ ഭംഗിയേറിയ കൈയക്ഷരത്തിൽ കത്തുകൾ കിട്ടി വായിക്കുന്നത്, വളരെ സന്തോഷപ്രദമായി എനിക്കെന്നപോലെ അദ്ദേഹത്തിന്റെ സുഹൃത്തുക്കൾക്കും ഭക്തന്മാർക്കും അനുഭവപ്പെട്ടിരിക്കും. ഇമാം ഗസ്സാലിയുടെ *കീമിയാഉസ്സആദ* മൗലവി സാഹിബ് മലയാളത്തിൽ പരിഭാഷ ചെയ്ത് അറബിമലയാളത്തിൽ പ്രസിദ്ധം ചെയ്തിരുന്നുവല്ലോ. അതിന്റെ കോപ്പി 'പരിഭാഷകന്റെ വക സൗജന്യം' എന്ന് അറബിയിൽ സ്വന്തം കൈപ്പടയിൽ എഴുതി മൗലവി സാഹിബ് എനിക്കയച്ചുതരികയുണ്ടായി. *മുസ്‌ലിം* മാസികയെ തുടർന്ന് *അൽ ഇസ്‌ലാം* എന്നൊരു മാസിക അറബി മലയാളത്തിൽ മൗലവി സാഹിബ് കുറച്ചുകാലം നടത്തുകയുണ്ടായി. ഇസ്‌ലാമിന്റെ മഹത്വസുന്ദരമായ സന്ദേശത്തെയും തത്ത്വങ്ങളെയും പ്രതിപാദിക്കുന്ന അത്യുത്തമങ്ങളായ ലേഖനങ്ങളായിരുന്നു ആ രണ്ടു മാസികകളിലും പ്രസിദ്ധീകരിക്കപ്പെട്ടിരുന്നത്. ഖുർആനിലേക്കും നബിചര്യകളിലേക്കും മടങ്ങാനും അനിസ്‌ലാമികാചാരങ്ങളെ വെടിയാനും, ഇസ്‌ലാമിക്കൈകൃത്തെ നിലനിർത്താനുമുള്ള ആഹ്വാനമായിരുന്നു മൗലവി സാഹിബ് പ്രസ്തുത പ്രസിദ്ധീകരണങ്ങൾ വഴിക്ക് കേരളത്തിലെ മുസ്‌ലിംകൾക്ക് നൽകിയത്. മുഹർറമാഘോഷം, കൊടികുത്ത്, ചന്ദനക്കുടം ആദിയായ അനിസ്‌ലാമികാചാരങ്ങളെ കർശനമായി ആക്ഷേപിച്ചതിനെ തുടർന്ന് മൗലവി സാഹിബിന് പലരുടെയും ആക്ഷേപങ്ങളും ശകാരങ്ങളും കേൾക്കേണ്ടിവന്നിട്ടുണ്ട്. സുപ്രസിദ്ധ മതപണ്ഡിതനായിരുന്ന സയ്യിദ് റശീദ് രിദായുടെ പത്രാധിപത്യത്തിൽ നടന്നിരുന്ന *അൽമനാറി*ന്റെ ഒരു വായനക്കാരനായിരുന്നു മൗലവി സാഹിബ്. സയ്യിദ് ജമാലുദ്ദീൻ അഫ്ഗാനി, ഈജിപ്തിലെ മുഫ്തി ശൈഖ് മുഹമ്മദ് അബ്ദു, സയ്യിദ് റശീദ് രിദാ മുതലായ സച്ചരിതന്മാരുടെ നായകത്വത്തിൽ പുരോഗമിച്ചുകൊണ്ടിരുന്ന ഇസ്‌ലാഹീ പ്രസ്ഥാനത്തിന്റെ കേരളത്തിലെ പ്രഥമ പ്രബോധകൻ മൗലവി സാഹിബായിരുന്നു. വളരെ മുമ്പുതന്നെ മനാറിന്റെ ഒരു വായനക്കാരനും ഒരു മുസ്‌ലിഹുമായിരുന്ന പരേതനായ എടവണ്ണ അറക്കൽ മുഹമ്മദ് സാഹിബ്, മൗലവി സാഹിബിന് മലബാറിൽനിന്ന് ആദ്യം ലഭിച്ച സഹാനുഭാവിയായിരുന്നുവെന്നു തോന്നുന്നു. മുഹമ്മദ് സാഹിബ് നിശ്ശബ്ദമായി പ്രവർത്തിച്ചിരുന്ന വളരെ വിനയവും ആത്മാർഥതയുമുള്ള ഒരു പരിഷ്കർത്താവായിരുന്നു. മൗലവി സാഹിബ് അദ്ദേഹത്തെക്കുറിച്ച് വളരെ സ്നേഹാദരങ്ങളോടെ സംസാരിച്ചതായി ഞാൻ ഓർക്കുന്നുണ്ട്.

1919-ൽ ഞാൻ തിരുവനന്തപുരത്ത് മഹാരാജാസ് കോളേജിൽ ബി.എ ക്ലാസ്സിൽ ചേരുകയും അന്ന് പുത്തൻചന്തയിൽ സ്ഥിതിചെയ്തിരുന്ന മുസ്‌ലിംഹോസ്റ്റലിൽ താമസം ആരംഭിക്കുകയും ചെയ്തതുമുതലാണ് മൗലവി സാഹിബുമായി വളരെ അടുത്ത സമ്പർക്കം പുലർത്താൻ കഴിഞ്ഞത്. അന്ന് മുസ്‌ലിം ഹോസ്റ്റലിൽ താമസിച്ചിരുന്ന പലരും മൗലവി സാഹിബിന്റെ സുഹൃത്തുക്കളും ഭക്തന്മാരും ബന്ധുക്കളുമായിരുന്നതുകൊണ്ട് മൗലവി സാഹിബ്

ഏതാണ്ട് ഒന്നും രണ്ടും ആഴ്ചകൾ കൂടുമ്പോൾ മുസ്ലിംഹോസ്റ്റലിൽ വരികയും ഞങ്ങളുടെ ആതിഥ്യം സ്വീകരിച്ചു താമസിക്കുകയും പല പൊതുപ്രശ്നങ്ങളെ സംബന്ധിച്ചും ചർച്ചകൾ ചെയ്കയും പതിവായിരുന്നു. തിരുവിതാംകൂറിലെ ഒന്നാമത്തെ മുസ്ലിം ബി.എയും മുസ്ലിം സ്കൂൾ ഇൻസ്പെക്ടറുമായിരുന്ന പരേതനായ ജനാബ് മുഹമ്മദ് സുലൈമാൻ സാഹിബ് മുസ്ലിം ഹോസ്റ്റലിൽ ഞങ്ങളൊന്നിച്ചു താമസിക്കുകയും ഹോസ്റ്റൽ നടത്തിപ്പിന്റെ മേൽനോട്ടം വഹിക്കുകയും ചെയ്തിരുന്നു. സുലൈമാൻ സാഹിബും മൗലവി സാഹിബും വലിയ സുഹൃത്തുക്കളായിരുന്നു. മുസ്ലിംസ്കൂൾ ഇൻസ്പെക്ടറായി നിയമിക്കപ്പെട്ടതോടെ സുലൈമാൻ സാഹിബ് അറബിഭാഷയിൽ കൂടുതൽ പരിജ്ഞാനം സമ്പാദിക്കാൻ മൗലവിസാഹിബിന്റെ ശിഷ്യത്വം സ്വീകരിക്കുകയും കുറച്ചുകാലത്തിനുള്ളിൽ അറബിഭാഷയിൽ സാമാന്യ പരിജ്ഞാനം നേടുകയും ചെയ്തു. തിരുവിതാംകൂറിലെ പൊതുസ്കൂളുകളിൽ അറബി മുൻഷിമാരെ നിയമിക്കാനും അവർക്ക് ചില പരീക്ഷകൾ ഏർപ്പെടുത്താനും ഇടവന്നത് മൗലവി സാഹിബിന്റെ നേതൃത്വത്തിൽ ഗവൺമെന്റിന് സമർപ്പിക്കപ്പെട്ട നിവേദനങ്ങൾ കൊണ്ടായിരുന്നു. മുസ്ലിംവിദ്യാഭ്യാസ പ്രശ്നങ്ങളെക്കുറിച്ച് മൗലവി സാഹിബിന്റെ സാന്നിധ്യത്തിൽ ചില ചർച്ചകൾ നടത്താൻ അന്നത്തെ തിരുവിതാംകൂർ വിദ്യാഭ്യാസ ഡയറക്ടറായിരുന്ന മി. ഹോഡ്സനും വിദ്യാഭ്യാസ വകുപ്പിലെ മറ്റു ചില ഉദ്യോഗസ്ഥന്മാരും മുസ്ലിംഹോസ്റ്റലിൽ വന്നത് ഞാൻ ഓർക്കുന്നുണ്ട്. തിരുവിതാംകൂർ പ്രജാസഭയിലും, നിയമസഭയിലും മറ്റു മുസ്ലിം സമുദായത്തെ പ്രതിനിധീകരിച്ച് ദീർഘകാലം സേവനം ചെയ്തിട്ടുള്ള ഒരു മാന്യനായിരുന്നു ആദംസേറ്. അദ്ദേഹം മൗലവി സാഹിബിന്റെ ഒരു സുഹൃത്തായിരുന്നു. ആയിടെ ഞങ്ങൾ സ്ഥാപിച്ച തിരുവിതാംകൂർ മുസ്ലിം യുവജന സമാജത്തിന്റെ പ്രസിഡന്റ് എസ്. ആദം സേറും സെക്രട്ടറി ഞാനുമായിരുന്നു. മുസ്ലിംകളെ പൊതുവെ ബാധിക്കുന്ന പല പ്രശ്നങ്ങളെ സംബന്ധിച്ചും പ്രസ്തുത സംഘം ചർച്ച ചെയ്യുകയും ഗവൺമെന്റിലേക്ക് നിവേദനങ്ങൾ അയക്കുകയും ചെയ്യാറുണ്ടായിരുന്നു. മുസ്ലിം ഹോസ്റ്റലിന്റെ നടത്തിപ്പിലും അത് ചില ഉത്തരവാദിത്വങ്ങൾ ഏറ്റെടുത്തിരുന്നുവെന്നാണ് എന്റെ ഓർമ. മൗലവി സാഹിബ് യുവജനസംഘത്തിന്റെ പ്രവർത്തനങ്ങളിൽ വളരെ താൽപര്യം കാണിക്കുകയും ഞങ്ങൾക്കെല്ലാം വേണ്ട ഉപദേശങ്ങളും മാർഗദർശനവും നൽകുകയും ചെയ്തിരുന്നു. മുസ്ലിം ഹോസ്റ്റലിൽ ഒരു ഇസ്ലാമികാന്തരീക്ഷം നിലനിൽക്കാൻ മൗലവി സാഹിബിന്റെ ഇടക്കിടെയുള്ള സന്ദർശനങ്ങൾ വളരെ ഉപകരിച്ചു.

1921-ലെ ഖിലാഫത്ത്-സഹകരണത്യാഗ പ്രസ്ഥാനങ്ങൾ വിദ്യാർഥികളെ ശക്തിയായി ആകർഷിച്ചിരുന്നുവല്ലോ. വിദ്യാലയ ബഹിഷ്കരണം സഹകരണത്യാഗ പ്രസ്ഥാനത്തിലെ ഒരു കാര്യമായ ഇനമായിരുന്നു. മൗലവിസാഹിബ് സ്വാതന്ത്ര്യസമരത്തെ ശക്തിയായി അനുകൂലിച്ചിരുന്നുവെങ്കിലും വിദ്യാലയ ബഹിഷ്കരണ പരിപാടിയോട് യോജിച്ചിരുന്നില്ല. അന്ന് ബി.എ ഓണേഴ്സ് ക്ലാസിൽ പഠിച്ചിരുന്ന അദ്ദേഹത്തിന്റെ മരുമകൻ ഹബീബ് മുഹമ്മദും ഞാനും കോളേജ് ബഹിഷ്കരിക്കാൻ തീർച്ചയാക്കിയെങ്കിലും മൗലവിസാഹിബ് ഞങ്ങളെ ആ നിശ്ചയത്തിൽനിന്ന് വിരമിക്കാൻ ഉപദേശിച്ചു. എന്റെ പിതാവും അതേ ഉപദേശമാണ് എനിക്ക് നൽകിയത്. അതുകൊണ്ടാണ് ഞങ്ങൾ കോളേജ് പഠനം പൂർത്തിയാക്കാൻ ഇടവന്നത്. വിദ്യാർഥികൾ രാഷ്ട്രീയ സമരങ്ങളിൽ പങ്കെടുക്കുന്നതിനെ മൗലവിസാഹിബ് അനുകൂലിച്ചിരുന്നില്ല. എന്നാൽ അദ്ദേഹം ഒരു വലിയ സ്വാതന്ത്ര്യ പ്രേമിയായിരുന്നു. 1921-ൽ യഅ്ഖൂബ് ഹസൻ, കെ. മാധവൻ നായർ, യു. ഗോപാലമേനോൻ, പി. മൊയ്തീൻകോയ മുതലായ നേതാക്കളെ മലബാർ കലക്ടർ ഇ. എഫ്. തോമസിന്റെ കൽപനപ്രകാരം അറസ്റ്റ് ചെയ്ത വിവരം തിരുവനന്തപുരത്ത് കിട്ടിയപ്പോൾ മൗലവി സാഹിബ് തിരുവനന്തപുരത്തുണ്ടായിരുന്നു. പ്രസ്തുത അറസ്റ്റിന്റെ വിവരം കേട്ടപ്പോൾ മൗലവിസാഹിബ് ശക്തിയായ പ്രതിഷേധവും ധാർമികരോഷവും പ്രകടിപ്പിച്ചത് ഞാൻ നല്ല പോലെ ഓർക്കുന്നുണ്ട്. അലീഗഢ് സർവകലാശാല ബഹിഷ്കരിച്ച വിദ്യാർഥികൾക്കുവേണ്ടി സയ്യിദുൽ അഹ്റാർ മൗലാനാ മുഹമ്മദലി സ്ഥാപിച്ച ജാമിഅ മില്ലിയ്യ ഇസ്ലാമിയ്യയിലേക്ക് അദ്ദേഹം തന്റെ സീമന്ത പുത്രൻ അബ്ദുസ്സലാമിനെ അയച്ചു പഠിപ്പിച്ചത് തന്നെ അദ്ദേഹത്തിന്റെ മനോഭാവത്തിന് നല്ലൊരു തെളിവാണ്. 1922-ൽ ഗാന്ധിജി തിരുവനന്തപുരം സന്ദർശിച്ച വേളയിൽ മൗലവിസാഹിബും ഞാനും അദ്ദേഹത്തെ 'ഭക്തി വിലാസ്'മന്ദിരത്തിൽ വെച്ച് കണ്ട് സംസാരിക്കുകയുണ്ടായി. ഗാന്ധിജിയുടെ തിരുവനന്തപുരത്തെ പ്രസംഗം പരിഭാഷ ചെയ്യാനിടവന്നപ്പോൾ ലഭിച്ച പരിചയം വഴിക്കാണ് അദ്ദേഹവുമായി ഒരു അഭിമുഖസംഭാഷണത്തിന് എനിക്ക് വേഗത്തിൽ അനുമതി ലഭിച്ചത്. മൗലവി സാഹിബിനെയും എന്നെയും ഗാന്ധിജി 'ആയിയേ, ആയിയേ' എന്ന് ഉർദുവിൽ വളരെ സ്നേഹപൂർവം സ്വാഗതം ചെയ്യുകയും കുറെനേരം ഞങ്ങളോട് സംസാരിക്കുകയും ചെയ്തു. മൗലവി സാഹിബിന്റെ പുത്രൻ ജാമിഅ മില്ലിയ്യയിൽ പഠിക്കുന്ന വിവരം കേട്ടപ്പോൾ ഗാന്ധിജി വളരെ സന്തുഷ്ടനായി. മൗലവി സാഹിബിനോട് വളരെ ആദരവോടുകൂടിയായിരുന്നു ഗാന്ധിജി പെരുമാറിയത്.

ഗാന്ധിജിയുടെ ദക്ഷിണാഫ്രിക്കൻ സമരം മുതൽതന്നെ അദ്ദേഹത്തെക്കുറിച്ച് മൗലവി സാഹിബിന് വലിയ മതിപ്പും ബഹുമാനവുമായിരുന്നു. *സ്വദേശാഭിമാനി* പത്രാധിപർ ശ്രീ. രാമകൃഷ്ണ പിള്ള ഗാന്ധിജിയുടെ ഒരു ജീവചരിത്രം ദക്ഷിണാഫ്രിക്കൻ സഹനസമരകാലത്ത് എഴുതിയിരുന്നതായി മൗലവി സാഹിബ് പറഞ്ഞുകേട്ടിട്ടുണ്ട്. അത് എനിക്ക് കാൺമാനിടവന്നിട്ടില്ല.

മൗലവി സാഹിബിന്റെ വീട്ടിൽവന്ന് മതപഠനവും അറബി ഭാഷാധ്യയനവും നടത്തിയിരുന്ന പലരെയും ഞാൻ ഓർക്കുന്നു. പരേതനായ പ്രഫ. എ.എം അബ്ദുൽ ഖാദിർ എം.എ (അൽഅസ്ഹർ), എ. മുഹമ്മദ് കുഞ്ഞു സാഹിബ്, പി. ഹബീബ് മുഹമ്മദ് സാഹിബ്, എ. മുഹമ്മദ് കണ്ണ്, പി. മുഹമ്മദ് മൊയ്തീൻ മുതലായ ബന്ധുജനങ്ങൾക്ക് പുറമെ കണിയാപുരം, നിലക്കാമുക്ക് മുതലായ അയൽദിക്കുകളിൽനിന്നും കേരളത്തിന്റെ പല വിദൂര പ്രദേശങ്ങളിൽനിന്നും വന്ന പലരും അദ്ദേഹത്തിന്റെ ശിഷ്യഗണത്തിൽപെട്ടിരുന്നു. അക്കാലത്ത് അറബി മുൻഷി പരീക്ഷക്ക് ചേരാൻ അപേക്ഷകരായിരുന്നവർ മിക്കപേരും മൗലവിസാഹിബിന്റെ കീഴിൽ കുറച്ചുകാലം പഠിക്കുക പതിവായിരുന്നു. മൗലവിസാഹിബിനെ വക്കത്തും പരിസരങ്ങളിലുമുള്ള ഹിന്ദുക്കൾക്ക് വലിയ സ്നേഹവും ബഹുമാനവുമായിരുന്നു. ശ്രീനാരായണഗുരു സ്വാമികൾ അദ്ദേഹത്തിന്റെ ഒരു പഴയ സുഹൃത്തായിരുന്നുവെന്ന് കേട്ടിട്ടുണ്ട്. വിഷമേറ്റാൽ അത് ഇറക്കാൻ മൗലവി സാഹിബിനെക്കൊണ്ട് വെള്ളം ജപിപ്പിച്ച് കൊണ്ടുപോവുക എന്നുള്ളത് സ്ഥലത്തെയും പരിസരങ്ങളിലെയും ഹിന്ദുക്കളുടെ സാധാരണ പതിവായിരുന്നു.

'ചിറയിൻകീഴ് താലൂക്ക് മുസ്‌ലിം സമാജം' എന്ന പേരിൽ സുശക്തമായ ഒരു സാമുദായിക സംഘടന മൗലവിസാഹിബിന്റെ പരിശ്രമഫലമായി സ്ഥാപിതമാവുകയും വളരെക്കാലത്തോളം അത് നിലനിൽക്കുകയും ചിറയിൻകീഴ് താലൂക്കിലെ മുസ്‌ലിംകൾക്ക് ഗണ്യമായ സേവനം ചെയ്യുകയും ഉണ്ടായിട്ടുണ്ട്.

ചിറയിൻകീഴ് ശാർക്കര ക്ഷേത്രത്തിനടുത്തുവെച്ച് പരേതനായ ദിവാൻ ബഹാദൂർ എ. ഗോവിന്ദപിള്ളയുടെ അധ്യക്ഷതയിൽ കൂടിയ ഒരു യോഗത്തിൽ മൗലവി സാഹിബ് ഒന്നിച്ച് സംബന്ധിച്ചതായി ഞാൻ ഓർക്കുന്നു. ശ്രീ ഗോവിന്ദപിള്ളക്ക് മൗലവി സാഹിബിനെ വലിയ ബഹുമാനമായിരുന്നു. ധർമിഷ്ഠനും ഉദാരമതിയും ശുദ്ധഹൃദയനും, ഒരു തികഞ്ഞ സമുദായ സ്നേഹിയും പിനാങ്ങിലെ ഒരു വലിയ വർത്തകനുമായിരുന്ന മുഹമ്മദ് കുഞ്ഞു സ്രാങ്ക് ഇടവായിൽ മുസ്‌ലിം സ്കൂൾ സ്ഥാപിക്കാൻ തീർച്ചപ്പെടുത്തി. മൗലവി സാഹിബിന്റെ ഉപദേശമായിരുന്നു അദ്ദേഹത്തിന് പ്രധാനമായി അതിനു പ്രചോദനം നൽകിയത്. ഇന്ന് ഒരു നല്ല മുസ്‌ലിം ഹൈസ്കൂളായി നടക്കുന്ന ആ വിദ്യാലയത്തിന്റെ ശിലാസ്ഥാപനം നിർവഹിച്ചത് മൗലവി സാഹിബായിരുന്നു.

ഒരു അഖില തിരുവിതാംകൂർ മുസ്‌ലിം സംഘടനയുണ്ടാക്കാൻ മൗലവിസാഹിബ് പരിശ്രമിക്കുകയും ഊർജസ്വലനായ ഒരു സമുദായ സ്നേഹിയും മദിരാശി മെഡിക്കൽ ഡിപ്പാർട്ട്മെന്റിലെ ഉദ്യോഗസ്ഥനും മൗലവിസാഹിബിന്റെ ഒരു സുഹൃത്തും ഭക്തനുമായിരുന്ന തിരുവനന്തപുരം ക്യാപ്റ്റൻ എ. മുഹമ്മദ് മൊയ്തീൻ, എസ്. മുഹമ്മദ് സുലൈമാൻ സാഹിബ് മുതലായ ചുരുക്കം ചില സഹപ്രവർത്തകന്മാരുടെ സഹായത്തോടെ പ്രസ്തുത ആവശ്യത്തിന് തിരുവിതാംകൂറിന്റെ നാനാഭാഗത്തുനിന്ന് മുസ്‌ലിം പ്രധാനികളെ വിളിച്ചുകൂട്ടി ഒരു യോഗം നടത്തുകയും ചെയ്തു. തിരുവനന്തപുരത്തെ തമ്പാനൂർ ഹാളിൽ ചേർന്ന ആ യോഗത്തിൽവെച്ച് 'തിരുവിതാംകൂർ മുസ്‌ലിം മഹാജനസഭ' എന്ന പേരിൽ ഒരു സംഘടന രൂപീകരിക്കപ്പെട്ടു. മൗലവിസാഹിബ്, പരേതനായ എൻ.എ മുഹമ്മദ് കുഞ്ഞ് സാഹിബ്, എസ്. ആദം സേഠ്, എസ്. മുഹമ്മദ് സുലൈമാൻ സാഹിബ്, ക്യാപ്റ്റൻ എം.എ മുഹ്‌യിദ്ദീൻ മുതലായവർ ഉൾപ്പെടെ സ്റ്റേറ്റിന്റെ നാനാഭാഗങ്ങളിൽനിന്നുമുള്ള പ്രധാനികൾ ഉദ്യോഗസ്ഥന്മാരും അംഗങ്ങളുമായിരുന്ന പ്രസ്തുത സംഘടന നിർഭാഗ്യവശാൽ കുറഞ്ഞ കാലംകൊണ്ട് നിർജീവമായി അസ്തമിച്ചുപോവുകയാണുണ്ടായതെങ്കിലും പിന്നീട് തിരുവിതാംകൂറിൽ ഉടലെടുത്ത അഖില തിരുവിതാംകൂർ മുസ്‌ലിം സംഘടനയുടെ മുന്നോടിയായിരുന്നു അതെന്നുള്ളത് നിസ്തർക്കമാണ്.

ഉത്തമ സമുദായസ്നേഹിയും സുശീലനും ശാന്തനുമായിരുന്ന റിട്ടയർഡ് ജയിൽ സൂപ്രണ്ട് മർഹൂം വി. ചന്തമിയാ സാഹിബ് മൗലവിസാഹിബിന്റെ നല്ല ഒരു സ്നേഹിതനായിരുന്നു. ആലുവയിൽ ഒരു മുസ്‌ലിം കോളേജ് സ്ഥാപിക്കാൻ അക്കാലത്ത് നടന്നിരുന്ന സംരംഭത്തിൽ മൗലവിസാഹിബും ചന്തമിയാ സാഹിബും ക്യാപ്റ്റൻ മുഹമ്മദ് മൊയ്തീനും മുസ്‌ലിം സ്കൂൾ ഇൻസ്പെക്ടർ എസ്. മുഹമ്മദ് സുലൈമാൻ സാഹിബും സജീവമായ താൽപര്യം കാണിച്ചിരുന്നു. അവരോടൊന്നിച്ച് ഒരിക്കൽ ഞാനും തിരുവനന്തപുരത്തുനിന്ന് ആലുവയിൽ വരികയും ആലുവാ അറബിക് സ്കൂളിൽ ചേർന്ന ഒരു യോഗത്തിൽ സംബന്ധിക്കുകയും ചെയ്തത് ഓർക്കുന്നു. കോളേജ് സ്ഥാപനത്തിനുവേണ്ടി ഗവൺമെന്റ് സൗജന്യമായി നൽകിയിരുന്ന സ്ഥലം തിരിച്ചെടുക്കാതിരിക്കാൻ വേണ്ടി 10,000ക. കെട്ടിവെക്കാനുള്ള ശ്രമം സംബന്ധിച്ചു ചേർന്ന ഒരു യോഗമായിരുന്നു അതെന്നാണ് ഓർമ.

1923-ൽ എറിയാട്ടുവെച്ച് കൂടിയ

കേരള മുസ്‌ലിം ഐക്യസംഘത്തിന്റെ പ്രഥമ വാർഷികയോഗത്തിൽ അധ്യക്ഷത വഹിച്ചത് മൗലവി സാഹിബായിരുന്നു. പ്രസ്തുത യോഗത്തിൽ കൊച്ചി, തിരുവിതാംകൂർ,മലബാർ പ്രദേശങ്ങളിൽനിന്നെല്ലാം പ്രധാനികളായ പലരും സംബന്ധിച്ചു. മലബാർലഹളക്കു ശേഷം തെക്കേ മലബാറിലെ മുസ്‌ലിംകൾ പൊതുവെ പരിഭ്രാന്തരായി കഴിഞ്ഞിരുന്ന ഒരു കാലമായിരുന്നു അത്. ഖിലാഫത്ത് സഹകരണത്യാഗ പ്രസ്ഥാനങ്ങളിൽ സംബന്ധിച്ചിരുന്ന മുസ്‌ലിംകൾ മലബാർലഹളക്കാലത്തും അതിനെ തുടർന്ന് ഏതാനും കാലവും അന്നത്തെ ഭരണാധികാരികളുടെ പല മർദനങ്ങളും അനുഭവിക്കേണ്ടിവന്നു. മുസ്‌ലിംകളുടെ എല്ലാ സാമുദായിക പ്രവർത്തനങ്ങളെയും അക്കാലത്ത് മലബാറിൽ അധികൃതർ പരസ്യമായി നിരുത്സാഹപ്പെടുത്തിയിരുന്നു. അതുകൊണ്ട് എറിയാട് ചേർന്ന മുസ്‌ലിം ഐക്യസംഘം യോഗത്തിൽ മഞ്ചേരിയിലെ ഒരു നേതാവായിരുന്ന പരേതനായ ഖാൻസാഹിബ്, വി. കുഞ്ഞിമോയി ഹാജിസാഹിബ് മുതലായവർ ഏതാണ്ട് അജ്ഞാതരായിട്ടായിരുന്നു സംബന്ധിച്ചത്. പ്രസ്തുത യോഗത്തിൽ വളരെ സാരവത്തായ ഒരു പ്രസംഗമായിരുന്നു മൗലവിസാഹിബ് ചെയ്തത്. ആലുവായിൽ ഒരു അറബിക്കോളേജ് സ്ഥാപിക്കുന്നതിന് തിരുവിതാംകൂർ ഗവൺമെന്റ് സൗജന്യമായി നൽകിയിരുന്ന സ്ഥലം തിരിച്ചെടുക്കാതിരിക്കാനായി ഗവൺമെന്റ് ആവശ്യപ്പെട്ട ഫണ്ട് ശേഖരിക്കാൻ ഒരു കമ്മിറ്റി യോഗത്തിൽവെച്ച് രൂപീകരിക്കപ്പെട്ടു. 1000 ക. വീതം സംഭാവന നൽകാമെന്ന് യോഗത്തിൽ വെച്ചു തന്നെ മൂന്നുനാലു മാന്യന്മാർ പ്രഖ്യാപിക്കുകയുണ്ടായി. കമ്മിറ്റിയുടെ പരിശ്രമഫലമായി 10,000 പിരിക്കാനും ആലുവായിലെ അറബിക് സ്കൂളിനോടനുബന്ധിച്ച് ലോവർ സെക്കന്ററി സ്കൂൾ ക്ലാസുകൾക്ക് കെട്ടിടം ഉണ്ടാക്കാനും കഴിഞ്ഞുവെങ്കിലും, സ്കൂൾ മാനേജ്മെന്റിന് പോരാതെ വന്ന ചെലവുകൾക്ക് ബാക്കി സംഖ്യ ചെലവാക്കുകയും കോളേജ് സ്ഥാപനത്തിനുള്ള ഉദ്യമം നിർഭാഗ്യവശാൽ പരാജയപ്പെടുകയും ചെയ്തു. ഒരു മുസ്‌ലിം കോളേജ് ഉടലെടുത്തു കാണാൻ മൗലവിസാഹിബ് അതിയായി ആഗ്രഹിച്ചിരുന്നു. അദ്ദേഹത്തിന്റെയും സഹപ്രവർത്തകരുടെയും സ്വപ്നം 1948-ൽ ഫാറൂഖ് ഒന്നാം ഗ്രേഡ് കോളേജിന്റെ സ്ഥാപനത്തോടുകൂടി ഒരു യാഥാർഥ്യമായിത്തീർന്നുവെന്ന് സമാധാനിക്കാം.

മഹാകവി കുമാരനാശാന്റെ 'ദുരവസ്ഥ' എന്ന കൃതിയിലെ ചില ഭാഗങ്ങൾ മുസ്‌ലിംകളെക്കുറിച്ച് ഹിന്ദുസമുദായത്തിന് വെറുപ്പും വിദ്വേഷവും ജനിപ്പിക്കാൻ പര്യാപ്തമാണെന്ന് അവർ തികച്ചും ന്യായമായ കാരണങ്ങൾ കാണിച്ചുകൊണ്ട് പരാതിപ്പെട്ടു. മലബാർ ലഹള കഴിഞ്ഞ ഉടനെയാണല്ലോ പ്രസ്തുത കൃതി പ്രസിദ്ധീകൃതമായത്. അന്ന് ആലപ്പുഴയിൽനിന്ന് ഒരു വാരികയായി പുറപ്പെട്ടുകൊണ്ടിരുന്ന *മുസ്‌ലിമിൽ* മൗലവി സാഹിബ് മുസ്‌ലിംകളുടെ ആക്ഷേപങ്ങൾ ഉന്നയിച്ചുകൊണ്ട് 'ദുരവസ്ഥ' എന്ന തലക്കെട്ടിൽ ശക്തിയേറിയ ഒരു ലേഖനമെഴുതുകയുണ്ടായി.

'കേരള ജില്ലയിൽ കേദാരവും കാടു
മൂരും മലകളുമാർന്ന ദിക്കിൽ
ക്രൂരമുഹമ്മദർ ചിന്തുന്ന ഹൈന്ദവ
ച്ചോരയാൽ ചോന്നെഴും ഏറനാട്ടിൽ'

മുതലായ പ്രസ്തുത കാവ്യത്തിലെ ചില ഭാഗങ്ങൾ മൗലവിസാഹിബിന്റെ ലേഖനത്തിൽ ഉദ്ധരിക്കപ്പെട്ടിരുന്നു. ഈ ലേഖനത്തെ തുടർന്ന് മുസ്‌ലിം സമുദായ മധ്യേ 'ദുരവസ്ഥ'ക്കെതിരായ ഒരു വലിയ പ്രക്ഷോഭം അലതല്ലി. ശ്രീ. കുമാരനാശാൻ മൗലവിസാഹിബിന്റെ ഒരു സുഹൃത്തായിരുന്നു. തിരുവിതാംകൂറിലെ മുസ്‌ലിം നേതാക്കളിൽ പലരുമായും അദ്ദേഹം വലിയ സ്നേഹത്തിലായിരുന്നു. തന്റെ കാവ്യത്തെക്കുറിച്ച് മൗലവിസാഹിബ് മുതലായ മുസ്‌ലിം പ്രധാനികളുമായി സംസാരിച്ചാൽ കൊള്ളാമെന്ന് ശ്രീ. കുമാരനാശാൻ ചില സ്നേഹിതർ മുഖേന മൗലവിസാഹിബിനെ അറിയിച്ചു. ആ സംസാരം തിരുവനന്തപുരം മുസ്‌ലിം ഹോസ്റ്റലിൽ വെച്ചാവാമെന്ന് അറിയിച്ചതനുസരിച്ച് ശ്രീ. കുമാരനാശാൻ മുസ്‌ലിം ഹോസ്റ്റലിൽ വന്നു. അത് 1922-ൽ ആയിരുന്നുവെന്നാണ് എന്റെ ഓർമ. മൗലവി സാഹിബും ഞങ്ങൾ ചിലരും ശ്രീ. ആശാനുമായി സംഭാഷണത്തിൽ പങ്കെടുത്തു. തികച്ചും സൗഹാർദപരമായ സംഭാഷണമായിരുന്നു അത്. കൃതിയിലെ ചില ഭാഗങ്ങൾ ഏറനാട്ടിലെ മുസ്‌ലിംകൾ എന്നുവേണ്ടാ മുസ്‌ലിംകൾ പൊതുവെ ക്രൂരന്മാരും, ഇതര മതവിദ്വേഷികളും കൊലപാതകികളുമാണെന്നുള്ള പ്രതീതി ഉണ്ടാക്കുമെന്നും അത് കേരളത്തിലെ സാമുദായിക സൗഹാർദത്തിന് വലിയ ദോഷം ചെയ്യുമെന്നും ഞങ്ങൾ ശ്രീ. കുമാരനാശാനോട് പറഞ്ഞു. തനിക്ക് മുസ്‌ലിംകളെ അപകീർത്തിപ്പെടുത്തണമെന്നുള്ള യാതൊരു ഉദ്ദേശ്യവുമുണ്ടായിരുന്നില്ലെങ്കിലും ഞങ്ങൾ ചൂണ്ടിക്കാണിച്ച വിധമുള്ള ഒരു പ്രതീതി തന്റെ കൃതി കൊണ്ട് ഉണ്ടാകുന്ന പക്ഷം ഞാൻ വളരെ ദുഃഖിക്കുന്നുവെന്നും അദ്ദേഹം പറഞ്ഞു. അത്തരം പ്രതീതി നീക്കം ചെയ്യാൻ ഉതകുന്ന മറ്റൊരു കാവ്യം രചിക്കാൻ താൻ ശ്രമിക്കുന്നതാണെന്നുകൂടി ശ്രീ. ആശാൻ സംഭാഷണമധ്യേ സൂചിപ്പിക്കുകയുണ്ടായി. നിർഭാഗ്യവശാൽ പ്രസ്തുത കൂടിയാലോചന കഴിഞ്ഞ് ഏതാനും മാസങ്ങൾക്കുള്ളിലായിരുന്നു പല്ലന വെച്ച് ഒരു ബോട്ടപകടത്തിൽ മഹാകവിയുടെ ഏറ്റവും ദുഃഖകരമായ ദേഹവിയോഗമുണ്ടായത്.

എന്റെ തിരുവനന്തപുരം താമസക്കാലത്തായിരുന്നു സ്വദേശാഭിമാനി രാമകൃഷ്ണ പിള്ളയുടെ ജാമാതാവ് ബാരിസ്റ്റർ എ.കെ പിള്ള ഓക്സ്ഫോർഡ് സർവകലാശാല

യിൽനിന്ന് പഠിപ്പ് നിർത്തി 1921-ലെ സ്വാതന്ത്ര്യസമരത്തിൽ പങ്കെടുക്കാൻ ഇന്ത്യയിലേക്ക് മടങ്ങുകയും തിരുവനന്തപുരത്ത് താമസമാക്കി തിരുവിതാംകൂറിൽ സംഘടിതമായ വിധത്തിൽ കോൺഗ്രസ് പ്രവർത്തനങ്ങൾ സമാരംഭിക്കുകയും ചെയ്തത്. മൗലവിസാഹിബും പിള്ളയും തമ്മിൽ വളരെ സ്നേഹത്തിലാണ് കഴിഞ്ഞിരുന്നത്. 'സ്വദേശാഭിമാനി' വഴിക്കുള്ള ബന്ധമായിരുന്നു അവരെ കൂടുതൽ അടുപ്പിച്ചതെന്ന് പറയേണ്ടതില്ലല്ലോ. വിദ്യാർഥികളായിരുന്ന ഞങ്ങളിൽ ചിലർ ശ്രീ. എ.കെ പിള്ളയുടെ അടുത്ത സുഹൃത്തുക്കളും പ്രവർത്തകരുമായിരുന്നു. സ്വദേശാഭിമാനി ശ്രീ. രാമകൃഷ്ണ പിള്ളയുടെ സഹപ്രവർത്തകനും രാഷ്ട്രീയ ഗുരുഭൂതനുമായി ഗണിക്കപ്പെട്ടിരുന്ന ശ്രീ. കെ. നാരായണ ഗുരുക്കളുടെ അധ്യക്ഷതയിലോ തമ്പാനൂർ ഹാളിൽ വെച്ചായിരുന്നുവെന്ന് തോന്നുന്നു, ഒരു യോഗം കൂടി. ആ യോഗനടപടികളിൽ മൗലവിസാഹിബ് സജീവമായ താൽപര്യം കാണിക്കുകയുണ്ടായി. ശ്രീ മന്നത്ത് പത്മനാഭൻ ആ യോഗത്തിൽ സംസാരിച്ച പ്രസംഗകന്മാരിൽ ഒരാളായിരുന്നുവെന്നാണ് എന്റെ ഓർമ. ശ്രീ. രാമകൃഷ്ണപിള്ളയുടെ ധർമപത്നി ശ്രീമതി ബി. കല്യാണി അമ്മ അക്കാലത്ത് ഒരിക്കൽ തിരുവനന്തപുരത്തു വന്നതായും മൗലവിസാഹിബും ഞങ്ങളിൽ ചിലരും അവർ താമസിച്ചിരുന്ന വഞ്ചിയൂരിലെ ഒരു ഗൃഹത്തിൽ പോയി അവരെ സന്ദർശിച്ചതായും ഞാൻ ഓർക്കുന്നുണ്ട്.

സുപ്രസിദ്ധ പണ്ഡിതനും സാത്വികനും മുസ്‌ലിം ലീഗ് നേതാവുമായ കെ.എം മൗലവി സാഹിബ് (തിരൂരങ്ങാടി) മലബാർ ലഹളയെത്തുടർന്ന് കൊച്ചിയിലും തിരുവിതാംകൂറിലും ഏതാണ്ട് ഒരു പന്തീരാണ്ടു കാലം അജ്ഞാതവാസം ചെയ്തിരുന്ന വിവരം ഇപ്പോൾ പരക്കെ അറിയപ്പെടുന്ന ഒരു വസ്തുതയാണല്ലോ. കെ.എം മൗലവിസാഹിബിന്റെ പേരിൽ കൊലക്കുറ്റം ആദിയായ പല കുറ്റങ്ങളും കളവായി ആരോപിക്കപ്പെട്ടിരുന്നു. ഖിലാഫത്ത് പ്രസ്ഥാനത്തിലെ നേതാവായിരുന്ന മൗലവി സാഹിബിനോടും അന്നത്തെ അധികാരിവർഗം അങ്ങനെയാണ് പകവീട്ടിയത്. കെ.എം മൗലവി സാഹിബിനെക്കുറിച്ച് വക്കം മൗലവി സാഹിബിന് വലുതായ മതിപ്പും ബഹുമാനവുമായിരുന്നു എന്നെനിക്കറിയാം. ഏകദേശം 2 കൊല്ലത്തോളം കെ.എം മൗലവി സാഹിബ് വക്കത്തും തിരുവനന്തപുരത്തുമായി കഴിച്ചുകൂട്ടിയിരുന്നു. വക്കത്ത് മൗലവി സാഹിബുമായിട്ടായിരുന്നു താമസം. താനൂർ അബ്ദുർറഹ്മാൻ ശൈഖിന്റെ പുത്രൻ അബ്ദുൽ ഖാദിർ മുസ്‌ലിയാരുടെ മൂത്തമകൻ മമ്മു മുസ്‌ലിയാർ മൗലവി സാഹിബിന്റെ മലബാറിലെ ശിഷ്യന്മാരിലും സുഹൃത്തുക്കളിലും പെട്ട ഒരാളായിരുന്നു. അദ്ദേഹം വക്കത്ത് ഇടക്കിടെ വന്നു തമാസിക്കാറുണ്ടായിരുന്നു. മൗലവി സാഹിബിന്റെ ശിഷ്യഗണത്തിൽ പെട്ട മറ്റൊരു സുഹൃത്തായിരുന്നു ഹാജി കെ.എ മുഹമ്മദ് അബ്ദുല്ലാ സാഹിബ്. പട്ടാമ്പിക്കടുത്തുള്ള കരിയന്നൂർ മനക്കൽ ശങ്കരനാരായണൻ നമ്പൂതിരിപ്പാടായിരുന്ന അദ്ദേഹം, 1921-ൽ ഇസ്‌ലാം മതം സ്വീകരിക്കുകയും ഞാൻ തിരുവനന്തപുരത്ത് താമസിച്ചിരുന്ന കാലത്ത് മൗലവി സാഹിബിന്റെ കീഴിൽ ഇസ്‌ലാമിക പഠനം നടത്തി വക്കത്ത് താമസിക്കുകയും ചെയ്തു. മലയാളത്തിലും സംസ്കൃതത്തിലും നല്ല പണ്ഡിതനായിരുന്ന അബ്ദുല്ലാ സാഹിബ് ഖുർആനും അറബിഭാഷയും മൗലവി സാഹിബിന്റെ അടുക്കൽനിന്ന് അഭ്യസിച്ചു. അതിനുശേഷം അദ്ദേഹം ഹജ്ജ് കർമം അനുഷ്ഠിക്കുകയും മൗലവി സാഹിബുമായി ബന്ധമുള്ള ഒരു കുടുംബത്തിൽ വിവാഹം കഴിക്കുകയും വക്കത്തിന്നടുത്ത് ഒരു സ്ഥലത്ത് താമസമുറപ്പിക്കുകയും ചെയ്തു. അബ്ദുല്ലാ സാഹിബ് മതപരിവർത്തനത്തിനു ശേഷവും അദ്ദേഹത്തിന്റെ പൂർവകുടുംബവുമായി തികച്ചും സൗഹാർദത്തിൽ കഴിഞ്ഞു. അദ്ദേഹത്തിന്റെ ജ്യേഷ്ഠൻ വാസുദേവൻ നമ്പൂതിരിപ്പാടും ടിയാന്റെ മരണശേഷം അദ്ദേഹത്തിന്റെ പുത്രന്മാരും അബ്ദുല്ലാ സാഹിബിനോടും അദ്ദേഹത്തിന്റെ മുസ്‌ലിം കുടുംബത്തോടും തികച്ചും സഹിഷ്ണുതയോടും സ്നേഹത്തോടും കൂടിയാണ് വർത്തിച്ചതെന്ന് അബ്ദുല്ലാ സാഹിബ് എന്നോട് പലപ്പോഴും പറഞ്ഞിട്ടുണ്ട്. മൗലവി സാഹിബുമായുള്ള സാഹചര്യം ഭക്തിയും വീറുമുള്ള ഒരു മുസ്‌ലിമായിത്തീരാൻ അബ്ദുല്ലാ സാഹിബിനെ വളരെ സഹായിച്ചിട്ടുണ്ടെന്ന് പറയേണ്ടതില്ലല്ലോ. മൗലവി സാഹിബ് *ദീപിക* മാസിക ആരംഭിച്ചത് ഞാൻ തിരുവനന്തപുരം വിട്ടശേഷമായിരുന്നു.

1928-ൽ തിരൂരിൽ പരേതനായ ഡോക്ടർ അബ്ദുൽ ഹഖ് സാഹിബിന്റെ അധ്യക്ഷതയിലും 1930-ൽ തിരുവനന്തപുരം ജൂബിലി ടൗൺഹാളിൽ അന്ന് തെക്കെ മലബാർ ജില്ലാ വിദ്യാഭ്യാസ ഓഫീസറായിരുന്ന ലഫ്റ്റനന്റ് കേണൽ അബ്ദുൽ ഹമീദിന്റെ അധ്യക്ഷതയിലും ചേർന്ന, മുസ്‌ലിം ഐക്യ സംഘം വാർഷിക യോഗങ്ങളിൽ മൗലവി സാഹിബ് സംബന്ധിച്ചത് ഞാൻ ഓർക്കുന്നുണ്ട്. 1924-ൽ ആലുവായിൽ വെല്ലൂർ ബാഖിയാത്തുസ്സ്വാലിഹാത്ത് പ്രിൻസിപ്പളും സുപ്രസിദ്ധ മതപണ്ഡിതനുമായിരുന്ന മൗലാനാ അബ്ദുൽ ജബ്ബാർ ഹസ്രത്തിന്റെ അധ്യക്ഷതയിൽ ചേർന്ന ഐക്യസംഘം വാർഷികത്തിലും മൗലവി സാഹിബ് പങ്കെടുത്തിരുന്നു.

മൗലവി സാഹിബ് ഐക്യസംഘത്തിന്റെ പുരോഗതിയിൽ മരണപര്യന്തം സജീവമായ താൽപര്യം കാണിച്ചിരുന്നു. 1928-ൽ തിരൂർ വാർഷികയോഗത്തിൽ സംബന്ധിച്ച മൗലവി സാഹിബ് എടവണ്ണയിലും മറ്റും പോയി തന്റെ മലബാർ സുഹൃത്തുക്കളെയും ശിഷ്യന്മാരെയും

സന്ദർശിക്കുകയുണ്ടായി. കേരളത്തിലെ മുസ്‌ലിംകളെക്കുറിച്ച് പൊതുവായും അവരുടെ ഇടയിൽ വരുന്ന ഇസ്‌ലാഹീ പ്രസ്ഥാനത്തെക്കുറിച്ച് പ്രത്യേകമായും വിവരിച്ചുകൊണ്ട് എഴുതിയതും ഈജിപ്തിലെ സുപ്രസിദ്ധമായ *അൽമനാർ* മാസികയിൽ പ്രസിദ്ധം ചെയ്യപ്പെട്ടതുമായ അറബിലേഖനം അറബിസാഹിത്യകാരന്മാരുടെ മുക്തകണ്ഠമായ പ്രശംസക്ക് പാത്രമായത് ഞാൻ ഓർക്കുന്നുണ്ട്. മൗലാനാ സയ്യിദ് സുലൈമാൻ നദ്‌വിയുടെ *അഹ്‌ലുസ്സുന്നത്തി വൽ ജമാഅത്ത്* എന്ന കൃതി മൗലവി സാഹിബ് പരിഭാഷപ്പെടുത്തുകയുണ്ടായി. മൗലവി സാഹിബിന്റെ കൃതികളെല്ലാം വീണ്ടും പ്രസിദ്ധം ചെയ്യുന്നത് നമ്മുടെ ഒരു വലിയ കർത്തവ്യമാണ്. ഞാൻ തലശ്ശേരിയിൽ താമസമാക്കിയിട്ട് ഏറെ താമസിക്കുന്നതിനു മുമ്പ് മൗലവി സാഹിബ് തീരെ ശരീരസുഖമില്ലാതെ ആറ്റിങ്ങൽ ചികിത്സയിലായിരിക്കുകയാണെന്ന് വിവരം കിട്ടി. ഒട്ടുംതാമസിയാതെ ഞാൻ ആറ്റിങ്ങൽ പോയി മൗലവി സാഹിബിനെ കാണുകയുണ്ടായി. തന്റെ ഹൃദ്രോഗം വളരെ കലശലായിപ്പോയിരുന്നുവെന്നും ഞങ്ങൾക്ക് തമ്മിൽ കാണാൻ സാധിക്കുകയില്ലെന്ന് താൻ ശങ്കിച്ചുപോയെന്നും കാണാൻ ഇടവന്നതിൽ വളരെ സന്തോഷമുണ്ടെന്നും സ്നേഹവികാരങ്ങളോടെ ആ മഹാ പുരുഷൻ ഈ വിനീതനോട് പറയുകയുണ്ടായി. അത് കഴിഞ്ഞ് ഏതാനും മാസങ്ങൾക്കുള്ളിൽ ആ മഹാപുരുഷൻ കേരള മുസ്‌ലിം സമുദായത്തെ ദുഃഖത്തിൽ ആഴ്ത്തിക്കൊണ്ട് തന്റെ സ്രഷ്ടാവിങ്കലേക്ക് മടങ്ങി.